**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1874** **19-01-2021 - ൽ മറുപടിയ്ക്ക്**

**ടാക്സി ഡ്രൈവർമാരുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ വർഷങ്ങളിലെ പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും കാരണം ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്ന ടാക്സി ഡ്രൈവർമാർ ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | G.O.(P) No.13/2020/Trans dated 23.03.2020(SRO No.251/2020 dated 30.03.2020) പ്രകാരം 01.04.2020 മുതൽ തുടങ്ങുന്ന കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ ത്രൈമാസ നികുതിയിൽ 20% ഇളവ് അനുവദിച്ച് നൽകി. G.O(P) No.23/2020/Trans dated 30.04.2020 (SRO No.294/2020 dated 30.04.2020) പ്രകാരം കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ 01.04.2020 മുതൽ തുടങ്ങുന്ന ത്രൈമാസ നികുതി ഒടുക്കാനുള്ള കാലാവധി 15.06.2020 വരെയും G.O.(P) No.34/2020/Trans dated 15.06.2020 (SRO No.395/2020 dated 15.06.2020)പ്രകാരം 15.07.2020 വരെയും G.O(P) No.40/2020/Trans dated 14.07.2020(SRO No.460/2020 dated 14.07.2020) പ്രകാരം 15.08.2020 വരെയും ദീർഘിപ്പിച്ച് നൽകി. G.O(P) No.39/2020/Trans dated 14.07.2020 (SRO No. 459/2020 dated 14.07.2020) പ്രകാരം 01.07.2020 മുതൽ ഒടുക്കേണ്ട കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ നികുതി 14.09.2020 വരെ ദീർഘിപ്പിച്ച് നൽകി. G.O(P) No.45/2020/Trans dated 27.08.2020(SRO No.544/2020 dated 27.08.2020) പ്രകാരം കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ 01.07.2020 മുതലുള്ള ത്രൈമാസ നികുതി ഇളവ് അനുവദിച്ച് നൽകി. G.O(P) No.52/2020/Trans dated 13.10.2020(SRO No.700/2020 dated 14.10.2020) പ്രകാരം 01.10.2020 മുതലുള്ള ത്രൈമാസ നികുതി ഒടുക്കാനുള്ള കാലാവധി 30.11.2020 വരെ ദീർഘിപ്പിച്ച് നൽകി. G.O(P) No.60/2020/Trans dated 06.11.2020 (SRO No.787/2020 dated 06.11.2020P) പ്രകാരം 01.10.2020 മുതലുള്ള ത്രൈമാസ നികുതിയിൽ 50% ഇളവ് അനുവദിച്ച് നൽകി. G.O(P) |

| | | | |
|---|---|---|---|
| | | | No.2/2021/Trans dated 07.01.2021(SRO No.29/2021 dated 08.01.2021) പ്രകാരം 01.01.2021 മുതൽ ഒടുക്കുവാനുള്ള കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ ത്രൈമാസ നികുതി കാലാവധി 31.03.2021 വരെ ദീർഘിപ്പിച്ചു നൽകി. |
| (ബി) | ടൂറിസം മേഖലയിലെ പ്രതിസന്ധികൾ കാരണം ടാക്സി ഡ്രൈവർമാർ ആത്മഹത്യ ചെയ്തതായുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആത്മഹത്യ ചെയ്ത ഡ്രൈവർമാരുടെ കുടുംബങ്ങൾക്ക് സഹായങ്ങൾ അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രതിസന്ധി സാഹചര്യം പരിഗണിച്ച് 2017നു മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾക്ക് ടാക്സ് കുടിശ്ശികയിന്മേലുള്ള പലിശ ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | സ്പീഡ് ഗവർണ്ണർ ഘടിപ്പിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ